കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്-ആസ്തിവികസനം മങ്കട നിയോജകമണ്ഡലം-മക്കരപ്പറമ്പ് ഗ്രാമ പഞ്ചായത്തിന് കെട്ടിട നിർമ്മാണം-ഭരണാനുമതി പുതുക്കി നല്കുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.1178/19/തസ്വഭവ തിരുവനന്തപുരം, തീയതി :10.06.2019

പരാമർശം- 1. 26.02.2016 ലെ സർക്കാർ ഉത്തരവ്(സാധാ.)നം.841/2016/തസ്വഭവ .

2. ബഹു. മങ്കട എം.എൽ.എ ശ്രീ.റ്റി.എ അഹമദ് കബീറിന്റെ 30/01/2019 ലെ കത്ത്

3. 14/02/2019 ലെ സർക്കാർ ഉത്തരവ് (സാധാ.)നം.1119/2019/ധന.

**ഉത്തരവ്**

മങ്കട നിയോജകമണ്ഡലത്തെ പ്രതിനിധികരിക്കുന്ന ശ്രീ.റ്റി.എ അഹമദ് കബീർ എം.എൽ.എ യുടെ 2015-16 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന് കെട്ടിട നിർമ്മാണം എന്ന പ്രവൃത്തിയ്ക്ക് 50 ലക്ഷം രൂപയുടെ (അമ്പത് ലക്ഷം രൂപ മാത്രം) ഭരണാനുമതി പരാമർശം(1) ലെ ഉത്തരവ് പ്രകാരം നല്കിയിരുന്നു. എന്നാൽ ഈ പ്രവൃത്തി നിലവിൽ നടപ്പിലാക്കിയിട്ടില്ലാത്തതിനാലും ഭരണാനുമതിയുടെ കാലാവധി 25/02/2019 ൽ അവസാനിക്കുമെന്നതിനാലും പുതുക്കിയ ഭരണാനുമതി നല്കണമെന്ന് പരാമർശം (2) ലൂടെ ബഹു.എം.എൽ.എ സർക്കാരിനോടഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള മാർഗ്ഗ രേഖയിൽ ഇളവ് വരുത്തി ഭരണാനുമതി നല്കിയ ഉത്തരവ് പുതുക്കി കാലാവധി ദീർഘിപ്പിച്ച് നല്കുന്നതിന് പരാമർശം (3) പ്രകാരം പ്രത്യേകാനുമതി നല്കുകയുണ്ടായി .

2)മേൽ സാഹചര്യത്തിൽ ബഹു.മങ്കട എം.എൽ.എ യുടെ 2015-16 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന് കെട്ടിട നിർമ്മാണം എന്ന പ്രവൃത്തി യ്ക്ക് 50 ലക്ഷം രൂപ (അമ്പത് ലക്ഷം രൂപ മാത്രം) അനുവദിച്ച പരാമർശം (1) ലെ ഉത്തരവ് പുതുക്കി കാലാവധി ദീർഘിപ്പിച്ച് നല്കികൊണ്ട് ഉത്തരവാകുന്നു.

3. പരാമർശം (1) ലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

ശ്രീ.റ്റി.എ അഹമദ് കബീർ എം.എൽ.എ(ആമുഖ കത്ത് സഹിതം)
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണവകുപ്പ് തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ),കേരളം തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.
സെക്രട്ടറി മക്കരപറമ്പ് ഗ്രാമ പഞ്ചായത്ത് ,മലപ്പുറം
ത.സ്വ.ഭ.വ(ഒ.എസ്)വകുപ്പ്(ഡി.ബി.2/62/2019/ത.സ്വ.ഭ.വ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ